# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2687 09.03.2017-ൽ മറുപടിക്ക്

### ആശിക്കും ഭൂമി ആദിവാസിക്ക് എന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. രാജഗോപാലൻ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ആശിക്കും ഭൂമി ആദിവാസിക്ക് എന്ന പദ്ധതിയിലൂടെ വീട്ടും സ്ഥലവും ലഭിച്ചിരുന്നതൃക്കരിപ്പൂർ പഞ്ചായത്തിലെ രോഹിണി ബാലചന്ദ്രന് (മാവിലൻ- എസ്.ടി. വിഭാഗം) അവരുടെ ഭർത്താവ് എസ്.ടി. അല്ല എന്ന കാരണത്താൽ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിൽ നിന്നും ഇതു നിഷേധിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രീമതി.രോഹിണി ബാലചന്ദ്രൻ എന്നയാളുടെ അപേക്ഷ ലഭ്യമായിട്ടില്ല. |
| ബി) | വാടകയ്ക്ക് താമസിക്കുന്ന ഈ കുടുംബത്തിന് ഇത്തരത്തിൽ ഒരു നടപടി മൂലം ഉണ്ടായ കഷ്ടതകൾക്ക് പരിഹാര മുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | മിശ്രവിവാഹദമ്പതികളിൽ ഒരാൾ പട്ടികവർഗ്ഗക്കാര-നാണെങ്കിൽ ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാർ തീരുമാനം കൈകൊള്ളണമെന്ന നിലപാടാണ് സർക്കാരിന് ഉള്ളത്. ഈ നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| സി) | കുടുംബനാഥയ്ക്ക് റേഷൻ കാർഡിലുൾപ്പടെ ഉടമസ്ഥാവകാശം വന്ന സാഹചര്യത്തിൽ കുടുംബനാഥന്റെ ജാതി മാത്രം ഈ സഹായത്തിന് പരിഗണിക്കുന്നത് ഏതു നിയമം മൂലമാണെന്ന് വ്യക്തമാക്കാമോ? | സി) | ഇത് സംബന്ധിച്ച് പ്രത്യേക ഉത്തരവ് ഇറക്കേണ്ടത് സിവിൽ സപ്ലൈസ് വകുപ്പാണ്. |

സെക്ഷൻ ഓഫീസർ